# ദുരിതപൂർണ്ണമായ അഞ്ചുവർഷക്കാലം

## ചങ്ങാത്ത മുതലാളിത്തത്തിനെതിരെ – ബി.എസ്.എൻ.എൽ. സംരക്ഷണത്തിനായി

നവലിബറൽ നയങ്ങളുടെ മറ്റൊരു ഇരയാണ് ബി.എസ്.എൻ.എൽ. രാജ്യത്തിന്റെ വാർത്താവിനിമയ മേഖലയിൽ രാജകീയസ്ഥാനം അലങ്കരിച്ച ഈ സ്ഥാപനത്തെ ആഗോളവൽക്കരണ നയങ്ങളും, മോദിസർക്കാറിന്റെ നാലരവർഷത്തെ ഭരണവും തകർക്കുകയാണ്. ടെലികോം കമ്പോളം അംബാനിക്ക് സ്വന്തമാക്കാൻ പറ്റുന്ന നിലപാടാണ് കേന്ദ്രസർക്കാർ സ്വീകരിക്കുന്നത്. ആധുനിക സാങ്കേതികവിദ്യ നിഷേധിച്ചുകൊണ്ട് സേവനം വിപുലീകരിക്കാനുള്ള ബി.എസ്.എൻ.എൽ.ന്റെ സാദ്ധ്യതകളെയാണ് 4 ജി നിഷേധത്തിലൂടെ തകർത്തത്. ഇഷ്ടംപോലെ താരീഫ് നിശ്ചയിച്ച്കമ്പോളത്തെ അമ്മാനമാടാൻ അംബാനിക്ക് അവസരം ഒരുക്കി, ബി.എസ്.എൻ.എൽ.നെ മാത്രമല്ല സ്വകാര്യ കമ്പനികളെയും പ്രതിസന്ധിയിലാക്കി. സ്വകാര്യ മുതലാളിമാരുടെ പ്രയാസങ്ങൾക്ക് മുമ്പിൽ എല്ലാം മറന്ന് സഹായിക്കുന്ന കേന്ദ്രസർക്കാരിന് ബി.എസ്.എൻ.എൽ ന്റെ ദുരിതങ്ങൾക്ക് അറുതിവരുത്താൻ തോന്നാത്തത് ചങ്ങാത്ത മുതലാളിത്തത്തിന്റെ പുത്തൻ മാതൃകയാണ്.

ഇതിൽ നിന്ന് തികച്ചും ഭിന്നമാണ് കേരളത്തിലെ എൽ.ഡി.എഫ് സർക്കാർ. യു.ഡി.എഫ് ഭരണകാലത്ത് നഷ്ടത്തിന്റെ കഥപറഞ്ഞ പൊതുമേഖലകളെ ലാഭത്തിലാക്കിയെന്ന് മാത്രമല്ല. കേന്ദ്രസർക്കാർ വില്പനയ്ക്ക് വെച്ച പൊതുമേഖലകളെ ഏറ്റെടുക്കാൻ സന്നദ്ധമാവുകയും ചെയ്തു. പാലക്കാട് ഇൻസ്ട്രമെന്റേഷൻ ഇതിനകം ഏറ്റെടുത്തു. എന്നാൽ കോർപ്പറേറ്റുകളുടെ താല്പര്യംമാത്രം സംരക്ഷിക്കുന്ന മോദിസർക്കാർ കേരളസർക്കാരിന് ഈ പൊതുമേഖലാ സ്ഥാപനങ്ങൾ കൈമാറില്ലെന്നു മാത്രമല്ല സ്വകാര്യകമ്പനികളോടൊപ്പം ലേലത്തിൽ പങ്കെടുക്കാനാണ് നിർദ്ദേശം. തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളം ഏറ്റെടുക്കാൻ സന്നദ്ധതയറിയിച്ചിട്ടും അദാനിയുടെ കരങ്ങളിലെത്തിച്ച് ആഹ്ലാദം കൊള്ളുകയാണ് മോദിസർക്കാർ. രാജ്യത്തെ ആറ് വിമാനത്താവളങ്ങൾ ഇനി മുതൽ അദാനിമാർക്ക് സ്വന്തം.

ഇന്ത്യൻ ജനതയുടെ പൊതു സമ്പത്തായ ബി.എസ്.എൻ.എൽ നെ അംബാനിക്ക് വിൽക്കാനുള്ള നടപടിയെ ചെറുക്കാനുള്ള രാഷ്ട്രീയസമരമാണ് ഇന്ത്യയിൽ നടക്കുന്നത്. 2019 ൽ മോദി അധികാരത്തിൽ വന്നാൽ അതോടെ ബി.എസ്.എൻ.എൽ.ന്റെ അന്ത്യമാകുമെന്നതിൽ സംശയമില്ല. ശമ്പളം നിഷേധിച്ചും പിരിച്ചുവിട്ടും തൊഴിലാളികളെ ഒഴിവാക്കി സ്ഥാപനത്തെ വില്പന നടത്താനുള്ള എല്ലാ ശ്രമങ്ങളെയും പ്രതിരോധിക്കാൻ ബി.എസ്.എൻ.എൽ.ലെ മുഴുവൻ തൊഴിലാളികളും മുന്നോട്ടുവരണം. 17–ാം ലോകസഭാ തെരഞ്ഞെടുപ്പ് ബിഎസ്എൻഎല്ലിനെ സംബന്ധിച്ചിടത്തോളം വളരെ നിർണ്ണായകമാണ്.



## ബി.എസ്.എൻ.എൽ. പൂട്ടണമെന്ന് കേന്ദ്ര സർക്കാർ

ബി.എസ്.എൻ.എൽ. നഷ്ടത്തിലായതിനാൽ അടച്ചുപൂട്ടണമെന്ന് കേന്ദ്രസർക്കാർ നിർദ്ദേശിക്കുന്നു. ടെലികോം മേഖലയിൽ നിലനിൽക്കുന്ന ചങ്ങാത്ത മുതലാളിത്തവും അതിന് അനുകൂലമായ സർക്കാർ നയങ്ങളും തിരുത്താതെ ബി.എസ്.എൻ.എൽ.നെ പൊതുമേഖലയിൽ സംരക്ഷിക്കാനാവില്ല. മുകേഷ് അംബാനിയുടെ റിലയൻസ് ജിയോ ഉൾപ്പെടെയുള്ള സ്വകാര്യ സംരംഭങ്ങൾക്ക് വഴി എളുപ്പമാക്കിക്കൊടുക്കുന്നതിനായാണ് അടച്ചുപൂട്ടൽ നീക്കം. വൻ നഷ്ടത്തലായതിനാൽ അടച്ചുപൂട്ടൽ സാധ്യത തേടണമെന്ന് ടെലികോം സെക്രട്ടറി അരുണ സുന്ദർരാജ് ബി.എസ്.എൻ.എൽ.ഉന്നതാധികൃതരുമായി നടത്തിയ യോഗത്തിൽ അറിയിച്ചിരുന്നു.

2016 സെപ്തംബറിൽ മുകേഷ് അംബാനിയുടെ റിലയൻസ് ജിയോയുടെ വരവോടെ വൊഡാഫോൺ, ഐഡിയ, എയർടെൽ, ടെലിനോർ, റിലയൻസ് ഇൻഫോകോം, ടാറ്റാ ടെലിസർവീസസ് തുടങ്ങിയവരൊക്കെ വൻ നഷ്ടത്തിലേക്ക് കൂപ്പുകുത്തിയിരുന്നു. അൽപ്പമെങ്കിലും ആ മത്സരത്തിൽ പിടിച്ചുനിൽക്കാനായത് ബി.എസ്.എൻ.എൽ.നു മാത്രമാണ്. ജിയോയുടെ വരവിനുശേഷം ടെലികോം റെഗുലേറ്ററി അതോറിറ്റി ഓഫ് ഇന്ത്യ സ്വീകരിച്ച ജിയോ അനുകൂല നടപടികൾ ഈ രംഗത്ത് എല്ലാ മര്യാദകളും ലംഘിക്കുന്നതായിരുന്നു. വിപണിയാകെ വിഴുങ്ങാൻ മത്സരരംഗത്തെ എല്ലാ മാനദണ്ഡങ്ങളും ലംഘിച്ച് ജിയോയ്ക്ക് സൗജന്യ വാഗ്ദാനങ്ങളുടെ സമയപരിധി നീട്ടിക്കൊടുത്തതും 'പ്രിഡേറ്ററി പ്രൈസിങ്' ജിയോയ്ക്ക് അനുകൂലമാക്കി മാറ്റിയതും ഇന്റർ കണക്ടർ യൂസേജ് നിരക്ക് 57 ശതമാനമാക്കി കുറച്ചതുമെല്ലാം ജിയോയെ മാത്രം സഹായിക്കാനായിരുന്നു. ഐയുസി നിരക്ക് ട്രായ് കുറച്ചതുകൊണ്ടുമാത്രം ജിയോയ്ക്ക് 2017 ലെ അവസാന അർദ്ധവാർഷിക പാദത്തിൽ 504 കോടി രൂപയുടെ അറ്റാദായം നേടാനായി. വാഗ്ദാനങ്ങളുടെ സമയപരിധി നീട്ടിയ ജിയോയുടെ ചട്ടലംഘനത്തിനെതിരെ ട്രായ്ക്ക് കത്തെഴുതിയ ടെലികോം സെക്രട്ടറി ജെ.എസ്.ദീപക്കിന് വകുപ്പിൽ നിന്ന് പുറത്തുപോകേണ്ടിവന്നു.

വിദൂര ഗ്രാമീണ മേഖലകളിൽ വലിയ പശ്ചാത്തല സൗകര്യങ്ങളും വ്യാപനവുമുള്ള ഏക ടെലികോം കമ്പനി ഇന്നും ബി.എസ്.എൻ.എൽ. തന്നെയാണ്. അത് അപ്പാടെ സ്വകാര്യ കമ്പനികൾക്ക് തീറെഴുതാനുള്ള നീക്കമാണ് അണിയറയിൽ നടക്കുന്നത്.

## ബി.എസ്.എൻ.എൽ. – ജെറ്റ് എയർവെയ്സ് സർക്കാരിന് രണ്ട് നയം, രണ്ട് സമീപനം

ഇന്ത്യയിലെ ഏറ്റവും വലിയ സ്വകാര്യ വിമാനകമ്പനിയായ ജെറ്റ് എയർവെയ്സ് കുറെ നാളുകളായി കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാണ്. പൈലറ്റുമാർക്ക് കഴിഞ്ഞ മൂന്നു മാസമായി ശമ്പളം നൽകിയിട്ടില്ല. ശമ്പളം നൽകിയില്ലായെങ്കിൽ ഏപ്രിൽ 1 മുതൽ അവർ പണിമുടക്കിലേക്ക് നീങ്ങുമെന്ന് പൈലറ്റുമാർ പ്രഖ്യാപിച്ചിരിക്കുന്നു. മൂന്നിൽ ഒന്ന് വിമാനങ്ങൾ മാത്രമാണ് ഇപ്പോൾ സർവ്വീസ് നടത്തുന്നത്. ജെറ്റ് എയർവെയ്സിന്റെ കടബാദ്ധ്യത 100 കോടി യു.എസ്. ഡോളറാണ്. ജെറ്റ് എയർവെയ്സിനെ ഈ പ്രതിസന്ധിയിൽ നിന്ന് കരകയറ്റുന്നതിനുവേണ്ടി കേന്ദ്ര സർക്കാരിന്റെ നേതൃത്വത്തിൽ ഉന്നതരുടെ യോഗം ചേരുകയും ബാങ്കുകളോട് കമ്പനിക്ക് ആവശ്യമായ ലോൺ അനുവദിക്കുവാൻ ആവശ്യപ്പെടുകയും ചെയ്തിരിക്കുന്നു. ധനകാര്യമന്ത്രി ശ്രീ.അരുൺ ജയ്റ്റ്ലി വിളിച്ചുചേർന്ന യോഗത്തിൽ എസ്.ബി.ഐ. ചെയർമാൻ രജനീഷ് കുമാർ, സിവിൽ ഏവിയേഷൻ സെക്രട്ടറി പ്രദീപ് സിംഗ് ഖരോല, ജെറ്റ് എയർവെയ്സിനുവേണ്ടി പ്രിൻസിപ്പൽ സെക്രട്ടറി നൃപേന്ദ്രമിശ്ര എന്നിവർ പങ്കെടുത്തതായി അറിയുന്നു. സ്വകാര്യകമ്പനിയുടെ സാമ്പത്തിക പ്രതിസന്ധിയിൽ ഇടപെട്ട് കമ്പനിയെ സഹായിക്കാൻ മുൻകൈയെടുക്കുന്ന കേന്ദ്രസർക്കാർ ഇന്ത്യയിലെ ഏറ്റവും വലിയ പൊതുമേഖലാ സ്ഥാപനമായ ബി.എസ്.എൻ.എൽ.ന് ഇന്നത്തെ പ്രതിസന്ധി മറികടക്കാൻ ലോൺ എടുക്കാനനുവദിക്കണമെന്ന ആവശ്യം കേൾക്കാൻപോലും തയ്യാറാകുന്നില്ല. പൊതുമേഖലാ സ്ഥാപനങ്ങളെ സഹായിക്കാതെ സ്വകാര്യ കമ്പനികളെ സഹായിക്കാൻ മുന്നിട്ടിറങ്ങുന്നത് സർക്കാരിന്റെ കോർപ്പറേറ്റ് അനുകൂല നിലപാടും പൊതുമേഖലാ വിരുദ്ധ സമീപനവുമാണ് വ്യക്തമാകുന്നത്.

# ഇത് കോർപ്പറേറ്റ് സുവർണ്ണകാലം

തിരുവനന്തപുരം വിമാനത്താവളം അദാനിക്ക് കപ്പം. പ്രകൃതിവിഭവങ്ങൾ, പെട്രോളിയം, ടെലികമ്മ്യൂണിക്കേഷൻ, വിദ്യാഭ്യാസ രംഗം, യുദ്ധവിമാന കച്ചവടം, ബാങ്കിംഗ് എന്നിവയിലേക്ക് അംബാനിമാർക്ക് ഗ്രീൻ ചാനൽ പ്രവേശനം, ബാങ്ക് വായ്പകൾ സമൃദ്ധമായി നീരവ് മോദിക്കും വിജയ് മല്ല്യക്കും! 2.50 ലക്ഷം കോടി രൂപയാണ് അഞ്ചു കൊല്ലത്തിനിടയിൽ എഴുതിത്തള്ളിയ കോർപ്പറേറ്റ് വായ്പ? ബാങ്ക് കിട്ടാക്കടം 10 ലക്ഷം കോടി രൂപയാണ്. ഇതിൽ 9 ലക്ഷം കോടി രൂപയും വൻകിട മുതലാളിമാരുടേത് !! മുതലാളിമാരുടെ സ്പോൺസേഡ് ഉല്പന്നമാണ് വിലക്കയറ്റം. പെട്രോളിന്റെ വില നിശ്ചയിക്കാൻ കുത്തകകൾക്ക് സർവാധികാരം നൽകിയത്. കോൺഗ്രസും, ഡീസലിന്റേത് ബി.ജെ.പിയുമാണ്. പ്രതിഷേധിക്കുന്ന, കരയുന്ന, തൊഴിലാളിയെ തളയ്ക്കാൻ ധാരാളം തൊഴിൽ നിയമങ്ങളും ഇന്ത്യൻ പാർലമെന്റ് നിർമ്മിച്ചു കഴിഞ്ഞു. അതിന്റെ ഭാഗമായാണ് സ്ഥിരം തൊഴിൽ നിർത്തലാക്കി കൊണ്ടുള്ള കേന്ദ്രസർക്കാർ ഉത്തരവ്!

ഭൂമിയും അന്തരീക്ഷവും ആകാശവും കോർപ്പറേറ്റുകൾക്ക് സ്വന്തം! ഇതേതുടർന്നാണ് 119 ശതകോടീശ്വരന്മാർ ഇന്ത്യയിൽ ഉദിച്ചുപൊങ്ങിയത്. 2018 ൽ മാത്രം 18 പേർ എന്നത് സർവ്വകാല റെക്കോർഡാണ്.

1991 മുതൽ രാജ്യത്ത് നടപ്പാക്കിക്കൊണ്ടിരിക്കുന്ന നയങ്ങൾ മുഖാന്തിരമാണ് അതിസമ്പന്നരുടെ തേർവാഴ്ച ഇന്ത്യയിൽ സാധ്യമായത്. മറുഭാഗത്ത് പരശ്ശതം ജനങ്ങൾ ചത്തൊടുങ്ങിയും, ചതഞ്ഞരഞ്ഞും കാലം കഴിക്കേണ്ടിയും വന്നു. ഈയൊരു സ്ഥിതിയുണ്ടാക്കിയത്. കഴിഞ്ഞ 28 കൊല്ലത്തിനിടയിൽ പാർലമെന്റ് നിർമ്മിച്ച സമ്പന്നാനുകൂല നിയമനിർമ്മാണങ്ങൾ മൂലമാണ്. ഈ നയം കൊണ്ടുവന്നത് 1991 മുതൽ കോൺഗ്രസ് ആണ്. ഇതിന്റെ യഥാർത്ഥ അവകാശി തങ്ങളാണെന്ന് ബി.ജെ.പി. ഇത്തരം നിയമനിർമ്മാണ ബില്ലുകൾ പാർലിമെന്റിൽ എത്തുമ്പോൾ, കോൺഗ്രസ് ബി.ജെ.പി എം.പിമാർ ഭായി ഭായി മാരായി മാറി ഒരുമിച്ച് പാസാക്കിയെടുക്കുന്നത് രാജ്യം കണ്ടതാണ്. കോർപ്പറേറ്റുകൾക്ക് പറുദീസയൊരുക്കുന്നതിൽ ഇക്കൂട്ടരുടെ നയസാദൃശ്യം മൂലമാണത്. ഒരു ഉളുപ്പുമില്ലാതെ അവർക്ക് കാലുമാറാൻ കഴിയുന്നതും ഇതുകൊണ്ടുതന്നെ. അഥവാ കോർപ്പറേറ്റുകളുടെ ഇരട്ടക്കുട്ടികളായി വർത്തിക്കുന്ന ഈ രണ്ടു കക്ഷികളെ ഉപയോഗിച്ചാണ് കോർപ്പറേറ്റ് ഇന്ത്യയുടെ നിർമ്മാണം നടത്തി വരുന്നത്. തങ്ങളുടെ കൈവശമുള്ള മാധ്യമങ്ങളെ ഇറക്കി ജനങ്ങളിൽ പ്രലോഭനങ്ങളും അഭിരുചികളും കുത്തി നിറച്ച് ആശയക്കുഴപ്പമുണ്ടാക്കി അനാഥരാക്കുന്ന കാഴ്ചയും സാർവ്വത്രികമാണ്. ഈ നയത്തിനെതിരെ അണിനിരക്കുന്ന ഇടതുപക്ഷത്തെ ഇകഴ്ത്താനും തകർക്കാനുമുള്ള ക്വട്ടേഷൻ ഏറ്റെടുത്തിട്ടുള്ളതും മാധ്യമങ്ങളാണ്. തിരഞ്ഞെടുപ്പു കാലത്ത് ജനങ്ങളെ വശീകരിക്കാനായി ചൊരിയുന്ന സങ്കല്പ വാഗ്ദാനങ്ങളുടെ മാർക്കറ്റിംഗ് ജോലിയും ഇവർക്കാണ്. ജനങ്ങളെ സ്വന്തം ജീവിതാനുഭവങ്ങളിൽ നിന്നകറ്റി നിർത്തി ഏതുവിധേനയും കോൺഗ്രസിനോ ബി.ജെ.പിക്കോ വോട്ടെത്തിക്കുക എന്ന ചതിയൻ ദൗത്യമാണ് കോർപ്പറേറ്റ് മാധ്യമങ്ങൾ ഏറ്റെടുത്തിട്ടുള്ളത്.

28 വർഷമായി രൂപപ്പെടുത്തി വന്ന കോർപ്പറേറ്റ് ഇന്ത്യയിൽ അവർക്ക് കനത്ത തിരിച്ചടി നേരിടേണ്ടി വന്ന കാലയളവാണ് 2004-09 ലെ ഒന്നാം യു.പി.എ സർക്കാരിന്റെ ഭരണം. കോർപ്പറേറ്റുകൾ ഉദ്ദേശിച്ച നവലിബറൽ നയങ്ങൾ കാര്യമായി നടപ്പാക്കാൻ കഴിയാതിരുന്ന വറുതിയുടെ കാലമായിരുന്നു അതവർക്ക്. ജനങ്ങളെ വിഭജിക്കുന്ന വിധം വർഗീയ ഭ്രാന്തും കെട്ടഴിച്ചു വിടാനായില്ല. വാജ്പേയിയിലൂടെ ആർ.എസ്.എസ്.ന്റെ ഭരണ പ്രവേശത്തിന്റെ ദുരനുഭവങ്ങൾ പേറിയ ജനതയാണ്. 2004 ൽ ഇടതുപക്ഷത്തിന് ചരിത്രത്തിലെ ഏറ്റവും വലിയ ജനവിധ നൽകി ഇന്ത്യയിൽ പുതിയൊരു മാതൃകയിലുള്ള മതനിരപേക്ഷ സർക്കാരിനെ വാഴിച്ചത്. ഇപ്പോൾ നരേന്ദ്രമോദിയിലൂടെയുള്ള ബി.ജെ.പി.യുടെ രണ്ടം വരവിനു ശേഷം നടക്കുന്ന തെരഞ്ഞെടുപ്പ് നടക്കുമ്പോൾ, ജനമാകെ അസ്വസ്ഥരും കോപാകുലരുമാണ്. 2004 പോലുള്ള ജനവിധി വന്നാലുള്ളതിന്റെ ഗതികേട് മണക്കുന്ന കോർപ്പറേറ്റുകൾ മരണ വെപ്രാളം കാണിക്കുന്നത് സ്വാഭാവികം, സമനില കൈവിടുന്ന മനോരമയും, മാതൃഭൂമിയും ഇടതുപക്ഷ വിരുദ്ധത ആവുംവിധം കുത്തിനിറച്ച് സ്വയം വഷളന്മാരായി മാറുന്നതായി കാണാം. കുറെ ശുദ്ധാത്മാക്കളെ തെറ്റിദ്ധരിപ്പിച്ച് കഴിയുന്നത്ര വോട്ട് താമരക്കും, കൈപ്പത്തിക്കു മെത്തിക്കലാണ് വ്യാജ സർവ്വെകളുടെ ഏക ലക്ഷ്യം. എന്നാൽ ഒരു നയം മുഖാന്തിരം ജീവിതം നരകത്തിലേക്കാനയിക്കപ്പെട്ടവർ, തൊഴിലാളികൾ, കർഷകർ, തൊഴിലില്ലാത്തവർ, അവശന്മാർ, ആശിർവദിക്കാൻ അവരുടെ മനസ്സാക്ഷി അനുവദിക്കുകയില്ല. തിന്മ നിറഞ്ഞ ഒരു പ്രവർത്തി ചെയ്യാൻ ഒരു സാധാരണക്കാരന് സാധിക്കില്ല. പ്രബുദ്ധ കേരളത്തിനാണ് ഇന്നത്തെ ഇന്ത്യയെ രക്ഷിക്കാനുള്ള പ്രതിവിധി നിർദ്ദേശിക്കാൻ സാധിക്കുക. 1000 ദിവസത്തെ സംസ്ഥാന ഭരണം കെടുതികൾക്കിടയിലും ഒരു ജനതയുടെ മുന്നേറ്റത്തിന്റെ വീരഗാഥ പറഞ്ഞു തരുന്നുണ്ട്. അമേഠിയിലെ സ്കൂളിനേയും, ആശുപത്രിയേയും വയനാട്ടിലെ കലാലയത്തോടും ആതുര സ്ഥാപനത്തോടും താരതമ്യപ്പെടുത്തട്ടെ!! ഈ കേരള മാതൃക ദേശീയ തലത്തിലേക്കുയരാൻ 20 ഇടതുപക്ഷ എം.പിമാരെ തിരഞ്ഞെടുക്കേണ്ടതുണ്ട്. 90% വരുന്ന ഇന്ത്യക്കാരുടെ ഹൃദയവികാരമാണ് ഈ വിധിയിലൂടെ പ്രതിഫലിക്കുക.

## നഷ്ടത്തിന്റെ ഉത്തരവാദി ജീവനക്കാരോ?

ബി.എസ്.എൻ.എൽ നേരിടുന്ന സാമ്പത്തിക പ്രതിസന്ധി തൊഴിലാളികളുടെ സൃഷ്ടിയില്ല. സർക്കാരിന്റെ ബി.എസ്.എൻ.എൽ വിരുദ്ധ നിലപാടാണ്. ടെലികോം കമ്പോളത്തിൽ തന്റെ മാനസപുത്രനായ മുകേഷ് അംബാനിയുടെ വളർച്ച ലക്ഷ്യം വെയ്ക്കുന്ന സർക്കാരിനു ബി.എസ്.എൻ.എൽ ന്റെ വികസനത്തിനു താല്പര്യമില്ല. ആധുനിക ടെലികോം കമ്പോളത്തിൽ ബി.എസ്.എൻ.എൽ.നു മുന്നേറാനുള്ള എല്ലാ സാദ്ധ്യതകളും സർക്കാർ കൊട്ടിയടച്ചു. ജിയോ ഉൾപ്പെടെയുള്ള കമ്പനികൾ 5ജി യിലേക്കു കടക്കുമ്പോൾ ബി.എസ്.എൻ.എൽ.നെ 3 ജി തളച്ചിട്ടു. ബി.എസ്.എൻ.എൽ 4 ജി സ്പെക്ട്രം നൽകണമെന്ന ആവശ്യം നിഷേധിക്കുന്നു. സർക്കാരിന്റെ സാമൂഹ്യബാധ്യത നിർവഹിക്കുന്നതിനു പോലും പ്രതിഫലം നൽകുന്നില്ല. ബി.എസ്.എൻ.എൽ.ന്റെ കരുതൽ ധനം വിവിധ മാർഗ്ഗങ്ങളുടെ സർക്കാർ തട്ടിയെടുത്തു. 4ജി നിഷേധിച്ചതിന്റെ ഫലമായി സേവനരംഗത്തെ മത്സരത്തിൽ ബി.എസ്.എൻ.എൽ പിന്നോട്ടുപോയി. ബി.എസ്.എൻ.എൽ.ന്റെ വരുമാനം കുറഞ്ഞു. നഷ്ടം വർദ്ധിച്ചു.

## കരാർ ജീവനക്കാർക്ക് മാസങ്ങളായി ശമ്പളം ലഭിക്കുന്നില്ല

ബി.എസ്.എൻ.എൽ ഒരുലക്ഷത്തോളം കരാർതൊഴിലാളികൾ പണിയെടുക്കുന്നു. ബി.എസ്.എൻ.എൽ രൂപീകരിക്കുമ്പോൾ 4 ലക്ഷം ജീവനക്കാരുണ്ടായിരുന്നു. ഇന്നു കേവലം 1.68 ലക്ഷം ജീവനക്കാരനാണ് ഉള്ളത്. പുതിയതായി നിയമനമില്ലാത്തിനാൽ ജോലിയുടെ ഏറിയ പങ്കും നിർവഹിക്കുന്നത് കരാർ തൊഴിലാളികളാണ്. മാസങ്ങളായി ഈ തൊഴിലാളികൾക്ക് ശമ്പളം നൽകുന്നില്ല. സാമ്പത്തിക പ്രതിസന്ധിയുടെ പേരിൽ തുച്ഛമായ കൂലിക്ക് പണിയെടുക്കുന്ന പാവങ്ങളായ ഈ തൊഴിലാളികളെ പിരിച്ചുവിടാനുള്ള നീക്കവും ശക്തമാണ്. പ്രതിവർഷം 2 കോടി തൊഴിൽ അവസരം സൃഷ്ടിക്കുമെന്ന് പ്രഖ്യാപിച്ച് അധികാരത്തിൽ വന്നവർ നിലവിലുള്ള തൊഴിലാളികളുടെ തൊഴിൽ പോലും സംരക്ഷിക്കുന്നില്ല.

## ബിഎസ്എൻഎൽ ജീവനക്കാരുടെ ശമ്പളം മുടങ്ങി

ചരിത്രത്തിലാദ്യമായി ബി.എസ്.എൻ.എൽ ജീവനക്കാരുടെ ശമ്പളം മുടങ്ങി സാമ്പത്തിക പ്രതിസന്ധിയുടെ പേരിലാണ് ഫെബ്രുവരി മാസത്തെ ശമ്പളം വിതരണം ചെയ്യുവാൻ കാലതാമസമുണ്ടായത്. ഈ പ്രതിസന്ധിയ്ക്ക് ഇടയിലും സർക്കാരിൽ നിന്നും ലഭിക്കേണ്ട തുക സർക്കാർ നൽകുന്നില്ല. സർക്കാരിന്റെ വിവിധ പ്രോജക്ടുകൾ ഏറ്റെടുത്ത് നിർവ്വഹിച്ചതിന്റെ ഫലമായി ബി.എസ്.എൻ.എൽ.ന് ലഭിക്കേണ്ട തുക 6500 കോടി രൂപയാണ്. ഈ തുക ലഭിച്ചാൽ ഇന്നത്തെ പ്രതിസന്ധിക്ക് ഒരു പരിധിവരെ പരിഹാരമാകും. അനാവശ്യ പ്രതിസന്ധി സൃഷ്ടിച്ച് ശമ്പളപരിഷ്കരണവും, ശമ്പളവിതരണവും നിഷേധിച്ച് ജീവനക്കാരിൽ അസ്വസ്ഥത സൃഷ്ടിച്ച് സ്വയം വിരമിക്കൽ പദ്ധതി ഉൾപ്പെടെ നടപ്പിലാക്കാനാണ് സർക്കാർ ശ്രമം.

## പെൻഷൻ പരിഷ്കരണവും അട്ടിമറിച്ചു

ടെലികോം മന്ത്രി ശ്രീ.മനോജ് സിൻഹയുമായി നടന്ന ചർച്ചയിൽ പെൻഷൻ പരിഷ്കരണം ശമ്പളപരിഷ്കരണത്തിൽ നിന്ന് ഡീലിങ്ക് ചെയ്ത് പെൻഷൻ പരിഷ്കരണം നടപ്പാക്കുമെന്ന് ഉറപ്പുനൽകിയിരുന്നു. എന്നാൽ മന്ത്രി നൽകിയ ഉറപ്പ് ലംഘിച്ചുകൊണ്ട് ശമ്പളപരിഷ്കരണത്തോടൊപ്പം മാത്രമേ പെൻഷൻ പരിഷ്കരണം നടപ്പാക്കാൻ കഴിയൂ എന്ന പഴയ നിലപാടാണ് സർക്കാർ സ്വീകരിക്കുന്നത്. കേന്ദ്ര ഗവൺമെന്റ് ജീവനക്കാരായിരുന്ന ടെലികോം ജീവനക്കാരെ മെച്ചപ്പെട്ട വേതനവും പെൻഷനും വാഗ്ദാനം ചെയ്താണ് ബി.എസ്.എൻ.എൽ. ജീവനക്കാരായി മാറ്റിയത്. പെൻഷൻ ഉറപ്പുവരുത്തുന്നതിനായി പെൻഷൻ നിയമത്തിൽ 37.എ. ഉൾപ്പെടുത്തുകയും ചെയ്തു. കേന്ദ്ര ഗവൺമെന്റ് പെൻഷൻ ബാധ്യത നിർവഹിക്കുന്നതിനാൽ ബി.എസ്.എൻ.എൽ. ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണവുമായി പെൻഷൻ പരിഷ്കരണം ബന്ധിപ്പിക്കേണ്ട കാര്യമില്ല. പെൻഷൻ പരിഷ്കരണം നിഷേധിക്കുന്നത് പെൻഷൻകാരുടെ ഭാവിയും അപകടത്തിലാക്കുമെന്നതിന്റെ സൂചനയാണ്.

# ഇനിയും പ്രതികരിച്ചില്ലെങ്കിൽ പൊതുമേഖലകളേ ഉണ്ടാവില്ല

**പൊതുമേഖലകൾ ഉൽപാദന മേഖലയുടെ കരുത്ത്**

- ♦ ഒന്നാം പഞ്ചവത്സര പദ്ധതിയിൽ **29 കോടി** നിക്ഷേപം **5 സ്ഥാപനങ്ങൾ** ഇതായിരുന്നു പൊതുമേഖലയുടെ തുടക്കം.
- ♦ ഇന്ന് **12,50,373 കോടി നിക്ഷേപമുള്ള 331 സ്ഥാപനങ്ങളിലേക്ക്** അത് വളർന്നിരിക്കുന്നു.
- ♦ കഴിഞ്ഞ ഒരു വർഷത്തെ വിറ്റുവരവ് **19,54,616 കോടി**, വിറ്റുവരവിൽ **67 ശതമാനവും ഉൽപാദന മേഖലയിൽ** നിന്ന്.
- ♦ കഴിഞ്ഞ ഒരു വർഷത്തെ പൊതുമേഖലകളുടെ ആകെ ലാഭം **1,27,602 കോടി.**
- ♦ കേന്ദ്ര പൊതുമേഖലയുടെ **കരുതൽ ധനശേഖരം 9,23,747 കോടി.**
- ♦ കഴിഞ്ഞ ഒരു വർഷം വിവിധ രൂപങ്ങളിൽ കേന്ദ്ര ഗവൺമെന്റിന് നൽകിയത് **3,85,579 കോടി.**

'പൊതുമേഖലകൾ ജനിച്ചതു തന്നെ മരിക്കാനാണെന്ന്'

## പൊതുമേഖലകൾ തകർക്കുമ്പോൾ സംഭവിക്കുന്നത്

- ♦ 2006- 07 ൽ പൊതുമേഖലയിലുണ്ടായിരുന്ന സ്ഥിരം ജീവനക്കാർ 16.4 ലക്ഷം
- ♦ 2016- 17 ൽ - 11.31 ലക്ഷം, 10 വർഷംകൊണ്ട് 4.83 ലക്ഷം തൊഴിലുകൾ നഷ്ടപ്പെട്ടു.
- ♦ 1991 മുതൽ 2019 വരെ വിറ്റഴിച്ച ആകെ പൊതുമേഖല ഓഹരികൾ 3,84,293.79 കോടി
- ♦ കഴിഞ്ഞ 4.5 വർഷം ബിജെപി ഗവണ്മെന്റിന്റെ കാലത്തു മാത്രം 2,31,503.30 കോടി
- ♦ മൊത്തം വില്പനയുടെ 60.24 ശതമാനവും കഴിഞ്ഞ 4.5 വർഷം കൊണ്ട്.

**ബദൽ നയം**

## കേന്ദ്രം കൈവിട്ട ഇൻസ്ട്രുമെന്റേഷൻ കേരള സർക്കാർ ഏറ്റെടുത്തു

**പൂ**ട്ടാനൊരുങ്ങി കേന്ദ്രസർക്കാർ കൈവിട്ട പാലക്കാട് ഇൻസ്ട്രുമെന്റേഷൻ കേരള സർക്കാർ ഏറ്റെടുത്തു. സ്ഥാപനത്തിന്റെ ഇപ്പോഴത്തെ ലാഭം മൂന്നര ക്കോടി രൂപ. കഞ്ചിക്കോട്ടെ ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡാണ് നിലനില്പുതന്നെ അപകടത്തി ലായപ്പോഴും 2017–18 സാമ്പത്തികവർഷം 3.36 കോടി രൂപ ലാഭമുണ്ടാക്കി തല ഉയർത്തി നിലനിൽക്കുന്നത്. കഴിഞ്ഞ സാമ്പത്തിക വർഷം 1.62 കോടി രൂപ നഷ്ടത്തിലായിരുന്നു. സ്ഥാപനം.

1974 ൽ സ്ഥാപിച്ചതു മുതൽ ഒരു തവണയൊഴികെ എല്ലാ വർഷവും ലാഭത്തിലായിരുന്നു കഞ്ചിക്കോട് യൂണിറ്റ്. പുതിയ പദ്ധതികൾ കണ്ടെത്തിയും ആധുനീകരണം നടപ്പാക്കിയമൊക്കെയാണ് ഈ നേട്ടമുണ്ടാക്കിയത്.

വാൽവുകളും മറ്റും നിർമിക്കുന്ന മെക്കാനിക്കൽ രംഗത്താണ് പാലക്കാട് യൂണിറ്റ് എന്നാൽ, ഇലക്ട്രോണിക്സ് മേഖലയിലായിരുന്ന രാജസ്ഥാൻ കോട്ടയിലെ മാതൃയൂണിറ്റ് നഷ്ടത്തിലായതോടെ 1994 മുതൽ സ്ഥാപനത്തെ മൊത്തമായി രോഗാതുരമായി പ്രഖ്യാപിച്ചു രോഗാതുര സ്ഥാപനത്തെ രോഗാതുരമായി പ്രഖ്യാപിച്ചു രോഗാതുര സ്ഥാപനങ്ങൾ പൂട്ടാൻ നീക്കം തുടങ്ങിയതോടെ 2016–ൽ സ്ഥാപനം ഏറ്റെടുക്കാമെന്ന് കേരളം താൽപര്യം പ്രകടിപ്പിച്ചു.

## റിസർവ്വ് ബാങ്കിനെ കടന്നാക്രമിക്കുന്നു

- * റിസർവ് ബാങ്കിന്റെ അധികാരങ്ങളിന്മേൽ കടന്നകയറുന്നു. റിസർവ് ബാങ്കിന്റെ അധികാരമായ നോട്ട് പിൻവലിക്കൽ, പ്രഖ്യാപനം, പ്രധാനമന്ത്രി നേരിട്ട് 2016 നവംബർ എട്ടിന് നടത്തി.
- * റിസർവ് ബാങ്കിന്റെകരുതൽ ധനത്തിൽ നിന്നും 3.6 ലക്ഷം കോടി രൂപ കേന്ദ്ര സർക്കാരിന് നൽകാൻ കടുത്ത സമ്മർദ്ദം.
- * കേന്ദ്രസർക്കാരിന്റെ റിസർവ ബാങ്കിന്റെ മേലുള്ള സമ്മർദം അംഗീകരിക്കാതെ ബി.ജെ.പി. സർക്കാർ തന്നെ നിയമിച്ച ഗവർണർ ഊർജിത് പട്ടേൽ ഗത്യന്തരമില്ലാതെ രാജിവച്ചു.

## റെയിൽവേയ്ക്ക് പിന്നാലെ എയർപോർട്ടുകളിലെ ടെലിഫോൺ സേവനവും **റിലയൻസ് ജിയോക്ക്**

**പൊ**തുമേഖലാ സ്ഥാപനമായ ബി.എസ്.എൻ.എൽ.നെ ഒഴിവാക്കി ഇന്ത്യയിലെ എയർപോർട്ടുകളിൽ ടെലികോം സേവനം നൽകുന്നതിന് റിലയൻസ് ജിയോയെ ചുമതലപ്പെടുത്തി. ഗവൺമെന്റ് സേവനദാതാക്കൾ എന്ന പദവിയാണ് ഇതിലൂടെ റിലയൻസ് ജിയോക്ക് ലഭിച്ചിരിക്കുന്നത്. ഇന്ത്യൻ റയിൽവേക്ക് മൊബൈൽ ലാന്റ് ലൈൻ സേവനം നേരത്തെ തന്നെ റിലയൻസ് ജിയോക്ക് സർക്കാർ നൽകിയിരുന്നു. ഇത്തരത്തിലാണ് കാര്യങ്ങൾ നീങ്ങുന്നതെങ്കിൽ മുഴുവൻ ഗവൺമെന്റ് സേവനങ്ങളും റിലയൻസ് ജിയോക്ക് കൈമാറുന്ന നാളുകൾ അതിവിദൂരമല്ല.

## ബി.എസ്.എൻ.എൽ ന്റെ ഫൈബർ ആസ്തിയും സ്വകാര്യവൽക്കരിക്കുന്നു

ബി.എസ്.എൻ.എൽ. ന്റെ 15,000 കോടിരൂപ മൂല്യമുള്ള ഫൈബർ ആസ്തികൾ പ്രത്യേക കമ്പനിയിലേക്ക് മാറ്റി സ്വകാര്യ വൽക്കരിക്കാൻ നീക്കം. ഇന്ത്യയിൽ ഉടനീളം 8 ലക്ഷം കി.മീറ്റർ ദൈർഘ്യമുള്ള ഫൈബർ ശൃംഖലയാണ് സ്വകാര്യവൽക്കരിക്കുന്നത്. സ്വകാര്യകമ്പനികളുടെ സമ്മർദ്ദമാണ് ഇത്തരത്തിലുള്ള നീക്കത്തിനു പിന്നിൽ.

## ബി.എസ്.എൻ.എൽ. ആശ്രിത നിയമനവും മരിവിപ്പിച്ചു

**ക**മ്പനിയുടെ സാമ്പത്തിക പ്രതിസന്ധിയുടെ പേരിൽ 1–4–2018 നുശേഷമുള്ള ഒഴിവുകളിലേക്ക് ആശ്രിത നിയമനം നത്തേണ്ടതില്ലയെന്ന് ബി.എസ്.എൻ.എൽ. ബോർഡ തീരുമാനിച്ചിരിക്കുന്നു. മൂന്നു വർഷത്തേക്കാണ് നിയമന നിരോധനം. ഉന്നത കേഡറുകളിൽ ഇപ്പോഴും നിയമനങ്ങൾ നടത്തുമ്പോൾ അർദ്ധപട്ടിണിക്കാരായ ജീവനക്കാരുടെ കുടുംബത്തിന് ഇന്ന് ലഭിക്കുന്ന നാമമാത്രമായ ആശ്രിത നിയമനംപോലും നിഷേധിക്കുന്നത് നീതികരിക്കാൻ കഴിയില്ല.

# സ്വയം വിരമിക്കൽ പദ്ധതി ബി.എസ്.എൻ.എൽ.നെ രക്ഷിക്കുമോ?

**ബി**എസ്എൻഎല്ലിന്റെ പുനരുദ്ധാരണത്തിനായി പഠനം നടത്തിയ അഹമ്മദാബാദ് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിന്റെ റിപ്പോർട്ട് ഗവൺമെന്റിനു സമർപ്പിച്ചതുമുതൽ ബി.എസ്.എൻ.എൽ.ലിൽ വി.ആർ.എസ്. സജീവ ചർച്ചാവിഷയമായിട്ടുണ്ട്. 50 വയസിനു മുകളിലുള്ളവർക്ക് വി.ആർ.എസ്. നടപ്പാക്കിയും വിരമിക്കൽ പ്രായം 58 ലേക്ക് കുറച്ചും ബി.എസ്.എൻ.എൽ.നെ രക്ഷിക്കാം എന്നതാണ് റിപ്പോർട്ടിലെ പ്രധാന ശുപാർശകളിൽ ഒന്ന്.

ചെറുപ്പക്കാരായ ബി.എസ്.എൻ.എൽ. ജീവനക്കാർ, പ്രത്യേകിച്ച് ബി.എസ്.എൻ.എൽ. നേരിട്ടു നിയമിച്ചവർ ആണ് പ്രധാനമായും വി.ആർ.എസ്.നെയും 58 വിരമിക്കൽ പ്രായത്തെയും അനുകൂലിക്കുന്നത്. ബി.എസ്.എൻ.എൽ. ഇപ്പോൾ നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ ഈ നീക്കം പ്രയോജനപ്പെടുമെന്ന് അവർ വിശ്വസിക്കുന്നു. ബി.എസ്.എൻ.എൽ.ന്റെ സാമ്പത്തിക സ്ഥിതിയും, ശമ്പളം മുടങ്ങിയതും 50 വയസിനു മുകളിലുള്ള ജീവനക്കാരിലും ഈ അഭിപ്രായം ശക്തിപ്പെടാൻ കാരണമായി.

35000 ജീവനക്കാരെ വി.ആർ.എസ്.ലൂടെ പുറത്താക്കാനാണ് ബി.എസ്.എൻ.എൽ. മാനേജ്മെന്റ് നീക്കം. ഇതിനാവശ്യമായ ഭീമമായ തുക ആരു നൽകും എന്നതാണ് പ്രശ്നം. ഏതായാലും ബി.എസ്.എൻ.എൽ.ന് ഇതു സാധ്യമല്ല – ഇത്ര ഭീമമായ തുക ഗവൺമെന്റ് നൽകാൻ തയ്യാറാവുമെന്നു തോന്നുന്നില്ല.

പ്രധാന ചോദ്യം ഇതല്ല. ബി.എസ്.എൻ.എൽ.ലെ ചെറുപ്പക്കാരായ ജീവനക്കാർ കരുതുന്നപോലെ, വി.ആർ.എസ്.ഉം, വിരമിക്കൽ പ്രായം 58 എന്നതും ബി.എസ്.എൻ.എൽ. നെ രക്ഷിക്കാൻ പ്രാപ്തമാണോ? ഒരിക്കലും അല്ല എന്നതാണ് ഉത്തരം. ബി.എസ്.എൻ.എൽ.ന്റെ ഈ ദു:സ്ഥിതിക്കു കാരണം മനുഷ്യശേഷിയുടെ വലിപ്പമല്ല, മറിച്ച് കേന്ദ്രഗവൺമെന്റിന്റെ ബി.എസ്.എൻ.എൽ. വിരുദ്ധ നയങ്ങളാണ്. മനുഷ്യശേഷിയുടെ വലിപ്പം കുറക്കാൻ ഗവൺമെന്റ് ശ്രമിക്കുന്നത്, സ്വകാര്യ മുതലാളിമാർക്ക് ബി.എസ്.എൻ.എൽ.നെ വിൽക്കാൻ എളുപ്പമാകും എന്നു കരുതിയിട്ടാണ്. പൊതുമേഖലയെ തകർക്കുകയും, സ്വകാര്യ മേഖലയെ ഊട്ടി വളർത്തുകയുമാണ് കേന്ദ്ര ഗവൺമെന്റിന്റെ എന്നത്തെയും നയസമീപനം. ചുവടെക്കാണിക്കുന്ന ചില ഉദാഹരണങ്ങൾ ഇതു വ്യക്തമാക്കും.

ഇന്ത്യയിൽ 1995 ൽ മൊബൈൽ സേവനം തുടങ്ങിയപ്പോൾ സ്വകാര്യ കമ്പനികൾക്കു മാത്രമായിരുന്നു ലൈസൻസ് നൽകിയത്. അന്ന് ടെലികോം സേവനദാതാവായിരുന്ന ഡി.ഒ.ടി.ക്ക് ലൈസൻസ് നൽകിയില്ല. ടെലികോം സേവനരംഗത്ത് തുല്യ പങ്കാളിത്തത്തിനായി രൂപംനൽകിയ ബി.എസ്.എൻ.എൽ. ന് മൊബൈൽ ലൈസൻസ് ലഭ്യമായത് 2002 ൽ മാത്രം. സ്വകാര്യ കമ്പനികൾക്ക് മൊബൈൽ രംഗം പിടിച്ചടക്കാൻ സൗകര്യമൊരുക്കുകയായിരുന്നു ഇതിലൂടെ കേന്ദ്ര സർക്കാർ ലക്ഷ്യമിട്ടത്.

മൊബൈൽ രംഗത്ത് ഒന്നാംസ്ഥാനക്കാരനായിരുന്ന എയൽടെലിനെ പിന്തള്ളിക്കൊണ്ട്, 2002 ൽ രംഗപ്രവേശം ചെയ്ത ബി.എസ്.എൻ.എൽ. 2004 ആയപ്പോഴേക്കും ഒന്നാമതായി. അതിനു ശേഷം 6–7 വർഷക്കാലത്തോളം മൊബൈൽ ഉപകരണങ്ങൾ വാങ്ങാനുള്ള ടെണ്ടറുകൾ ഒന്നിനുപുറകെ മറ്റൊന്നായി റദ്ദാക്കിക്കൊണ്ട് കേന്ദ്ര ഗവൺമെന്റുതന്നെ ബി.എസ്.എൻ.എൽ. വികസനത്തിനുള്ള പ്രധാന മാർഗ്ഗതടസം സൃഷ്ടിച്ചു.

2004–05 ൽ ഇന്നുള്ളതിനേക്കാൾ ഒരുലക്ഷത്തിലേറെ ജീവനക്കാരുണ്ടായിരുന്ന സമയത്ത്, ബി.എസ്.എൻ.എൽ. നേടിയ അറ്റലാഭം 10,000 കോടിയായിരുന്നു എന്നത് ഓർക്കണം. ജീവനക്കാരുടെ വർദ്ധനയല്ല ബി.എസ്.എൻ.എൽ.ന്റെ ദുരവസ്ഥയ്ക്കു കാരണം എന്നു മനസ്സിലാക്കാൻ ഇതിൽപ്പരം തെളിവ് വേറെ വേണ്ട. ഈ ദുരവസ്ഥയിലും ജീവനക്കാരെ പുതുതായി നിയമിക്കുന്നുമുണ്ട്. ബി.എസ്.എൻ.എൽ.നെ നശിപ്പിക്കുന്നത് കേന്ദ്ര ഗവൺമെന്റിന്റെ ബി.എസ്.എൻ.എൽ. വിരുദ്ധ, സ്വകാര്യ പ്രീണനനയങ്ങളാണ് എന്ന് വ്യക്തം.

എംടിഎൻഎല്ലിൽ രണ്ടുതവണ വി.ആർ.എസ്. നടപ്പാക്കിയിട്ടും, സ്ഥാപനം രക്ഷപ്പെട്ടില്ലെന്നു മാത്രമല്ല വീണ്ടും സ്ഥിതി മോശമായി തുടരുകയാണ്. ബി.എസ്.എൻ.എൽ.ന്റെ അനാരോഗ്യത്തിന് വി.ആർ.എസ്. പരിഹാരമാവില്ല എന്നു വ്യക്തം.

റിലയൻസ്ജിയോക്ക് ടെലികോം കമ്പോളം പിടിച്ചടക്കാൻ ഉതകുന്ന രീതിയിൽ എല്ലാ നിയമങ്ങളും, നിബന്ധനകളും കേന്ദ്രഗവൺമെന്റ് വളച്ചൊടിക്കുകയാണ്. ടെലികോം നിരക്കുകൾ ജിയോ കുത്തനെ കുറച്ചതു ചോദ്യം ചെയ്ത ടെലികോം സെക്രട്ടറി ശ്രീ.ജെ.എസ്.ദീപക്കിനെ ഡി.ഒ.ടി. നിഷ്കാസനം ചെയ്തത് നാം കണ്ടതാണ്. റെയിൽവേയുടെയും അടുത്തിടെ എയർപോർട്ടുകളുടെയും ടെലികോം സേവനങ്ങൾ ജിയോക്ക് കൈമാറിയതും നാം കണ്ടു. ഇപ്പോഴത്തെ കേന്ദ്രഗവൺമെന്റ് നേരിട്ടും അല്ലാതെയും റിലയൻസ് ജിയോയ്ക്ക് വേണ്ടിയാണ് നിലകൊള്ളുന്നതെന്നും, ഗവൺമെന്റ് കമ്പനിയായ ബി.എസ്.എൻ.എൽ.ന് വേണ്ടിയല്ലെന്നും വ്യക്തമാകാൻ മറ്റെന്തുതെളിവുവേണം.

അടുത്തകാലത്ത് ജെറ്റ് എയർവേസ് എന്ന സ്വകാര്യ വിമാനകമ്പനിക്കുണ്ടായ പ്രതിസന്ധി മറികടക്കാൻ 1500 കോടി രൂപ നൽകി സഹായിക്കാൻ എസ്.ബി.ഐ.യോട് ഇന്ത്യൻ ധനമന്ത്രി ശ്രീ.അരുൺ ജെയ്റ്റ്ലി നിർദ്ദേശിച്ചത് നാം കണ്ടതാണ്. അതേസമയം ബി.എസ്.എൻ.എൽ. ലെ പ്രതിസന്ധി പരിഹരിക്കാൻ കടമെടുക്കാൻ അനുമതി നിഷേധിക്കുകയായിരുന്നു ഡി.ഒ.ടി.യും കേന്ദ്രസർക്കാരും. ഈ ഇരട്ടത്താപ്പ് നാം തിരിച്ചറിയണം.

കേന്ദ്രസർക്കാരിന്റെ സാമ്പത്തിക നയങ്ങളിൽ ഒന്ന് ബി.എസ്.എൻ.എൽ. ഉൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ സ്വകാര്യവൽക്കരിക്കുകയാണ്. കഴിഞ്ഞ 18 വർഷങ്ങളായി പലതവണ ഇതിനു ശ്രമിച്ചിട്ടും ബി.എസ്.എൻ.എൽ. ലെ എല്ലാ യൂണിയനുകളും അസോസിയേഷനുകളും ഒറ്റക്കെട്ടായി പൊരുതി ഗവൺമെന്റിന്റെ ഈ നീക്കത്തെ പരാജയപ്പെടുത്തുകയായിരുന്നു.

പ്രത്യേക ടവർ കമ്പനി രൂപീകരണം ഈ നീക്കത്തിന്റെ ഭാഗമായിരുന്നു. ബി.എസ്.എൻ.എല്ലിന്റെ ഓപ്റ്റിക്കൽ ഫൈബർ ശൃംഖല തീറെഴുതാനും ചർച്ചകൾ നടക്കുന്നു. ഇവ അനുവദിച്ചാൽ ബി.എസ്.എൻ.എൽ. വില്പനയിലേക്കായിരിക്കും ചെന്നെത്തുക. അതിനാൽ വി.ആർ.എസ്., വിരമിക്കൽ പ്രായം 58 ആക്കൽ ഇവയെ ചെറുത്തുതോല്പിച്ചേ മതിയാകൂ.

## പൊതുമേഖലകൾ തൂക്കി വിൽക്കുന്നു

പൊതുമേഖല ഓഹരി വില്പന വകുപ്പ് ആദ്യമായി ആരംഭിച്ചത് 1999 ഡിസംബറിലാണ്. ഇത് ഓഹരി വില്പന മന്ത്രാലയമാക്കിയതും അതിന് ഒരു ക്യാബിനറ്റ് മന്ത്രിയെയും വച്ചത് വാജ്പേയി മന്ത്രിസഭയുടെ കാലത്താണ്. ഈ മന്ത്രാലയത്തിന്റെ നേതൃത്വത്തിലാണ് BALCO, ഹിന്ദുസ്ഥാൻ സിങ്ക്, ഇന്ത്യൻ പെട്രോ കെമിക്കൽസ്, VSNL, CMC Ltd, JESSOP & Co Ltd, ലെഗാൻ ജൂട്ട് മിഷനറി, മാരുതി സുസുകി, മോഡേൺ ഫുഡ്സ്, ITDC ഹോട്ടലുകൾ തുടങ്ങിയ പൊതുമേഖല സ്ഥാപനങ്ങൾ സ്വകാര്യ കുത്തകകൾക്ക് വിറ്റത്. എന്നാൽ ഒന്നാം യുപിഎ ഗവണ്മെന്റിന്റെ കാലത്ത് ഓഹരി വില്പന മന്ത്രാലയം ഇല്ലാതാക്കുകയും പൊതുമേഖല സ്വകാര്യവത്കരണം പൂർണമായും ഒഴിവാക്കുകയും ചെയ്തു.

കേന്ദ്ര ആസൂത്രണ കമ്മീഷൻ പിരിച്ച്വിട്ട് രൂപീകരിച്ച നീതിആയോഗ്, സ്വകാര്യവൽക്കരണം ശക്തിപ്പെടുത്തുന്ന നിലപാടാണ് കേന്ദ്ര ഗവണ്മെന്റ് സ്വീകരിച്ചിച്ചുള്ളത്. 74 പൊതുമേഖലകളെയാണ് ഇത്തരത്തിൽ ലിസ്റ്റ് ചെയ്തിട്ടുള്ളത്. പൊതുമേഖല ഡയറക്ടർ ബോർഡുകളിൽ ബിജെപി നേതാക്കന്മാരെ കുത്തിനിറക്കുന്നതിന് എതിരായി കേന്ദ്ര സെക്രട്ടറി ശ്രീ ഇഎഎസ് ശർമ പ്രധാനമന്ത്രിക്ക് കത്ത് അയക്കുകയുണ്ടായി.

പൊതുമേഖല സ്ഥാപനങ്ങളെ വലിയ കടക്കെണിയിലേക്കാണ് കേന്ദ്ര ഗവണ്മെന്റ് തള്ളി വിട്ടുകൊണ്ടിരിക്കുന്നത്. 2016 മെയ് 27 ന് കേന്ദ്ര ധനകാര്യമന്ത്രാലയം പുറത്തിറക്കിയ ഉത്തരവ് പ്രകാരം ലാഭവിഹിതം എന്ന പേരിൽ പൊതുമേഖലകളെ കൊള്ളയടിച്ചുകൊണ്ടിരിക്കുകയാണ്. മാത്രമല്ല ഓഹരികളുടെ ബൈബാക്ക് വഴിയും പൊതുമേഖലാ ഫണ്ടുകൾ അടിച്ചുമാറ്റിക്കൊണ്ടിരിക്കുകയാണ്. 2019–20 കേന്ദ്ര ബഡ്ജറ്റിൽ പൊതുമേഖല ഓഹരി വിൽപന ലക്ഷ്യം വച്ചിരിക്കുന്നത് 90000 കോടിയുടേതാണ്.



**SAVE BSNL SAVE NATION**

**BSNL EMPLOYEES UNION, KERALA CIRCLE**